**പ്രസിദ്ധീകരണത്തിന്**

കോവിഡ് വ്യാപനം വർദ്ധിക്കുന്നതിന്റെ അടിസ്ഥാനത്തിൽ കേരള, മഹാത്മാഗാന്ധി സർവകലാശാലകൾ നടത്താനിരുന്ന പരീക്ഷകൾ ഹൈക്കോടതി തടഞ്ഞു.

അതിരൂക്ഷമായ കോവിഡ് വ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കേരള, മഹാത്മാഗാന്ധി സർവകലാശാലകളുടെ അധികാരപരിധിയിൽവരുന്ന തിരുവനന്തപുരം, കൊല്ലം, കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകൾ കോവിഡ് വ്യാപനത്തിൽ സി വിഭാഗത്തിൽ വരുന്നതിനാൽ സർവകലാശാലകൾ കോളേജുകളിൽ നടത്തുന്ന പരീക്ഷകൾ നിർത്തിവയ്ക്കണം എന്ന ആവശ്യവുമായി എൻ.എസ്.എസ്. ഫയൽ ചെയ്ത ഹർജിയിൽ ജസ്റ്റീസ് രാജാവിജയരാഘവൻ പരീക്ഷകളുടെ നടത്തിപ്പ് തടഞ്ഞ് ഇടക്കാലഉത്തരവായി.

അഭിഭാഷകരായ ആർ.ടി. പ്രദീപ്. വി. വിജുലാൽ, എം. ബിന്ദുദാസ്, കെ.സി. ഹരീഷ് എന്നിവർ നായർ സർവീസ് സൊസൈറ്റിക്കു വേണ്ടി ഹാജരായി.

കോവിഡ് രൂക്ഷമായിരിക്കുന്ന ഈ സാഹചര്യത്തിൽ പ്രസ്തുത കോളേജുകളിൽ പരീക്ഷാനടത്തിപ്പിന് മതിയായ അദ്ധ്യാപകരെ ലഭിക്കുന്നില്ല. കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് ക്ലാസ്സുമുറികളുടെ എണ്ണം ഇരട്ടിയായിരിക്കെ പരീക്ഷാനടത്തിപ്പിനുള്ള അദ്ധ്യാപകരുടെ എണ്ണവും ഇരട്ടി ആവശ്യമാണ്. പരീക്ഷകൾ നടത്തുന്നതോടൊപ്പം ഓൺലൈൻ ക്ലാസ്സുകളും നടക്കുന്നു. ധാരാളം അദ്ധ്യാപകരും അനദ്ധ്യാപകരും കോവിഡ് രോഗബാധിതരായതിനാൽ പരീക്ഷാനടത്തിപ്പിന് മതിയായ ജീവനക്കാർ ഇല്ലാത്ത അവസ്ഥയാണുള്ളത്. പരീക്ഷാസമ്മർദ്ദം മൂലം വിദ്യാർത്ഥികൾ രോഗബാധ മറച്ചുവെച്ചുകൊണ്ട് പരീക്ഷയിൽ പങ്കെടുക്കുന്നതിനാൽ, 3 മണിക്കൂർ പരീക്ഷ കഴിയുമ്പോൾ രോഗമില്ലാത്ത കുട്ടികളും അദ്ധ്യാപകരും രോഗബാധിരാവാനുള്ള സാധ്യത വർദ്ധിക്കുകയാണ്.

ഇക്കാര്യങ്ങൾ ഉന്നയിച്ചുകൊണ്ട് എൻ.എസ്.എസ്. സർക്കാരിന് നിവേദനം നല്കിയെങ്കിലും കാര്യമായ ഇടപെടൽ ഉണ്ടാകാത്തതിനാലാണ് ഹൈക്കോടതിയിൽ ഹർജി നല്കിയത്.

പരീക്ഷകൾ മാറ്റിവയ്ക്കുന്നതിനോട് കോളേജുകൾക്ക് തത്ത്വത്തിൽ താല്പര്യമില്ലെങ്കിലും കോവിഡ് മഹാമാരിയുടെ ഈ പ്രത്യേക സാഹചര്യത്തിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സമൂഹത്തിന്റെയും ഉത്തമതാല്പര്യം പരിഗണിച്ചാണ് പരീക്ഷ മാറ്റിവയ്ക്കുവാൻ ആവശ്യപ്പെട്ടത്.

പെരുന്ന
28.1.2022

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി